2025
DECEMBER
31
WEDNESDAY

www.societytodaynews.com

# സൊസൈറ്റി ടുഡേ

SOCIETY TODAY e-paper




# ക്യാമ്പസുകൾ സംരംഭക കേന്ദ്രങ്ങളാകണം



**തിരുവനന്തപുരം:** വിദ്യാഭ്യാസ ക്യാമ്പസുകൾ നവീകരണത്തിന്റെയും സംരംഭകത്വത്തിന്റെയും കേന്ദ്രങ്ങളായി പരിണമിക്കണമെന്ന് ഉപരാഷ്ട്രപതി സി.പി. രാധാകൃഷ്ണൻ പറഞ്ഞു. തിരുവനന്തപുരം മാർ ഇവാനിയോസ് കോളേജ് വജ്ര ജൂബിലി ആഘോഷം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. തൊഴിൽ തേടാൻ മാത്രമല്ല, തൊഴിൽ സൃഷ്ടിക്കാനും സാമൂഹിക വെല്ലുവിളികൾക്ക് തദ്ദേശീയമായ പരിഹാരങ്ങൾ വികസിപ്പിക്കാനും വിദ്യാർത്ഥികൾ തയ്യാറാകണം.

നിർമിത ബുദ്ധി, ബ്ലോക്ക്ചെയിൻ, നാച്ചുറൽ ലാംഗ്വേജ് പ്രോസസ്സിംഗ് തുടങ്ങിയ വളർന്നുവരുന്ന സാങ്കേതികവിദ്യകൾ യുവാക്കൾ സ്വീകരിക്കണം. ധാർമ്മികത, ഭരണഘടനാ മൂല്യങ്ങൾ, സാമൂഹിക നന്മയ്ക്കുള്ള കരുതൽ എന്നിവയാൽ നയിക്കപ്പെടുന്ന സാങ്കേതികവിദ്യ ഉത്തരവാദിത്തത്തോടെ ഉപയോഗിക്കേണ്ടതിന്റെ ആവശ്യകതയും രാഷ്ട്രപ്രതി വ്യക്തമാക്കി. ഇന്ത്യയുടെ വിദ്യാഭ്യാസ, സാക്ഷരതാ രംഗത്ത് കേരളത്തിന്റെ മാതൃകാപരമായ പങ്ക് എടുത്തുകാണിച്ച ഉപരാഷ്ട്രപതി, വിദ്യാഭ്യാസത്തിലൂടെ യുവാക്കളെ ശാക്തീകരിക്കുന്നതിന് പ്രതിജ്ഞാബദ്ധരായ ജനങ്ങളുടെയും സ്ഥാപനങ്ങളുടെയും കൂട്ടായ പരിശ്രമമാണ് സംസ്ഥാനത്തിന്റെ നേട്ടങ്ങൾ പ്രതിഫലിപ്പിക്കുന്നതെന്നും പറഞ്ഞു. ചരിത്രത്തിലെ നിർണായക നിമിഷത്തിലാണ് ഭാരതം നിലകൊള്ളുന്നത്, നേതൃത്വം, നൂതനാശയം എന്നിവയ്ക്കായി ലോകം ഇന്ത്യയിലേക്ക് ഉറ്റുനോക്കുന്നുണ്ടെന്നും ഉപരാഷ്ട്രപതി ചൂണ്ടിക്കാട്ടി.

ഭരണഘടനാപരമായ അവകാശങ്ങൾ മാത്രമല്ല, വൈവിധ്യത്തോടുള്ള ബഹുമാനം, ശാസ്ത്രബോധം പ്രോത്സാഹിപ്പിക്കൽ, ദേശീയ ഐക്യത്തോടുള്ള പ്രതിബദ്ധത എന്നിവയുൾപ്പെടെയുള്ള അടിസ്ഥാന കടമകളും യുവാക്കൾ ഉയർത്തിപ്പിടിക്കണമെന്നും രാഷ്ട്രപതി പറഞ്ഞു.

കേരള ഗവർണർ രാജേന്ദ്ര വിശ്വനാഥ് അർലേക്കർ, മുഖ്യമന്ത്രി പിണറായി വിജയൻ, മന്ത്രി എം.ബി. രാജേഷ്, ശശി തരൂർ എം.പി തിരുവനന്തപുരം കോർപ്പറേഷൻ മേയർ വി.വി. രാജേഷ്, തിരുവനന്തപുരം കത്തോലിക്കോസ് മേജർ ആർച്ച് ബിഷപ്പും മാർ ഇവാനിയോസ് കോളേജ് രക്ഷാധികാരിയുമായ ബസേലിയോസ് കർദിനാൾ ക്ലീമിസ് തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

# സംസ്ഥാനത്തെ ബാങ്കുകളിൽ അവകാശികളില്ലാതെ 2133 കോടി രൂപ

**കൊച്ചി:** സംസ്ഥാനത്തു വിവിധ ബാങ്കുകളിലായി അവകാശികളില്ലാതെ കെട്ടിക്കിടക്കുന്നത് 2133 കോടി രൂപ. എറണാകുളം ജില്ലയിലാണ് ഇത്തരത്തിൽ ഏറ്റവും കൂടുതൽ തുക അൺക്ലെയിംഡ് അക്കൗണ്ടുകളുള്ളതെന്ന് ലീഡ് ബാങ്ക് ഡിസ്ട്രിക്ട് മാനേജർ സി. അജിലേഷ് പറഞ്ഞു.

307 കോടിക്കു മുകളിൽ രൂപയാണു ജില്ലയിലെ വിവിധ ബാങ്കുകളിലായി അവകാശികളില്ലാതെയുള്ളത്. 11.93 ലക്ഷം അക്കൗണ്ടുകളിലായാണ് ഇത്രയും തുകയുള്ളത്.

അതേസമയം, പത്തു വർഷം ഇടപാടുകൾ നടക്കാത്ത ബാങ്ക് അക്കൗണ്ടുകളിലെ നിക്ഷേപങ്ങൾ റിസർവ് ബാങ്കിലേക്കു (ആർബിഐ) മാറ്റും. നിശ്ചിതസമയത്തിനുള്ളിൽ ഈ തുക നിയമപരമായി അക്കൗണ്ട് ഉടമയോ അവകാശികളോ പിൻവലിക്കുകയോ ഇടപാടുകൾ നടത്തുകയോ ചെയ്തില്ലെങ്കിലാണ് ആർബിഐയിലേക്കു മാറ്റുക.

ആർബിഐയിലേക്കു മാറ്റിയ തുക അക്കൗണ്ട് ഉടമയുടെ അവകാശികൾക്കു നിയമപരമായ നടപടികൾ പൂർത്തിയാക്കി തിരിച്ചുകിട്ടാൻ അവസരമുണ്ടെന്ന് ലീഡ് ബാങ്ക് അധികൃതർ അറിയിച്ചു.

നോമിനിയെ ഉൾപ്പെടുത്തിയിട്ടുള്ള അൺക്ലെയിംഡ് അക്കൗണ്ടുകളിലെ തുക തിരിച്ചുകിട്ടാൻ എളുപ്പമാണ്. ഇതില്ലാത്ത അക്കൗണ്ടുകളിൽ അവകാശികൾക്കു ബന്ധം തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ ഹാജരാക്കി അപേക്ഷിച്ചാൽ തുക ലഭിക്കും.

ഉദ്ഗം പോർട്ടലിലൂടെ ആർബിഐയിലേക്കു മാറ്റിയ അക്കൗണ്ടുകളുടെ വിവരങ്ങൾ ലഭ്യമാണ്. അതുപ്രകാരം ബന്ധപ്പെട്ട ബാങ്കുകൾ വഴിയാണ് തുക തിരിച്ചുകിട്ടാനുള്ള അപേക്ഷകളും മറ്റു നടപടിക്രമങ്ങളും നടത്തേണ്ടതെന്നും അധികൃതർ അറിയിച്ചു.

നിങ്ങളുടെ പണം നിങ്ങളുടെ അവകാശം എന്ന പ്രമേയവുമായി ബാങ്കുകളിൽ അവകാശികളില്ലാതെ കിടക്കുന്ന അക്കൗണ്ടുകളെക്കുറിച്ച് ബോധവത്കരണം നടത്തുന്നതിനും തുക തിരിച്ചുകിട്ടുന്നതിനും ലീഡ് ബാങ്കുകൾ ജില്ലകൾ തോറും പ്രത്യേക ക്യാമ്പുകൾ നടത്തുന്നുണ്ട്.

# കെ.എസ്.എഫ്.ഇ ലാഭവിഹിതം 70 കോടി രൂപ സർക്കാരിന് കൈമാറുന്നു

**തിരുവനന്തപുരം:** 2024–2025 സാമ്പത്തിക വർഷം കെ.എസ്.എഫ്.ഇ ലാഭവിഹിത ഇനത്തിൽ സർക്കാരിന് നൽകുവാനുള്ള 70 കോടിയുടെ ചെക്ക് ഡിസംബർ 31 രാവിലെ 10 ന് ധനകാര്യമന്ത്രിയുടെ ചേംബറിൽ കെ.എസ്.എഫ്.ഇ ചെയർമാൻ കെ. വരദരാജൻ ധനകാര്യമന്ത്രി കെ. എൻ. ബാലഗോപാലിന് കൈമാറും. കെ.എസ്.എഫ്.ഇ മാനേജിംഗ് ഡയറക്ടർ ഡോ. എസ്. കെ. സനിൽ, ബോർഡ് അംഗങ്ങൾ, സംഘടനാ നേതാക്കൾ എന്നിവർ പങ്കെടുക്കും.

# കയറ്റുമതി കാർഗോ സംഭരണ ശേഷി വർധിപ്പിച്ച് സിയാൽ

## ■വാർഷിക കയറ്റുമതി കാർഗോ സംഭരണ ശേഷി 1.25 ലക്ഷം മെട്രിക് ടണ്ണായി വർധിക്കും

**കൊച്ചി:** കയറ്റുമതി ചരക്കുകളുടെ സംഭരണ ശേഷി വർധിപ്പിക്കുന്നതിന്റെ ഭാഗമായി കൊച്ചി അന്താരാഷ്ട്ര വിമാനത്താവളത്തിൽ വിപുലീകരിച്ച എക്സ്പോർട്ട് കാർഗോ വെയർഹൗസ് പ്രവർത്തനം തുടങ്ങി. ഇതോടെ സിയാലിലെ വാർഷിക എക്സ്പോർട്ട് കാർഗോ കൈകാര്യം ചെയ്യൽ ശേഷി 75,000 മെട്രിക് ടണ്ണിൽ നിന്ന് 1.25 ലക്ഷം മെട്രിക് ടണ്ണായി ഉയർന്നു. പുതിയ സംവിധാനത്തിൽ, രണ്ട് അധിക എക്സ്റേ മെഷീനുകളും എക്സ്പ്ലോസീവ് ഡിറ്റക്ഷൻ മെഷീനുകളുമുൾപ്പെടെ അപകടകരമായ ചരക്കുകൾ സൂക്ഷിക്കുന്നതിനുള്ള സംവിധാനം, +2°C മുതൽ +8°C വരെ താപനില നിലനിർത്തുന്ന രണ്ട് കോൾഡ് റൂമുകൾ, റേഡിയോ ആക്ടീവ് കാർഗോ മുറി, വിലപിടിപ്പുള്ള ചരക്കുകൾക്കായുള്ള പ്രത്യേക മുറി എന്നിവയും ഉൾപ്പെടുത്തിയിട്ടുണ്ട്.




ഇതോടെ, എളുപ്പം കേടാവുന്ന തരം ചരക്കുകൾ, ഫാർമസ്യൂട്ടിക്കൽ ഉൽപ്പന്നങ്ങൾ, അപകടകരമായ ചരക്കുകൾ, റേഡിയോ ആക്ടീവ് വസ്തുക്കൾ, വിലയേറിയ കൺസൈൻമെന്റുകൾ എന്നിവയുൾപ്പെടെ വിവിധ തരത്തിലുള്ള കയറ്റുമതി ചരക്കുകൾ കൈകാര്യം ചെയ്യുന്നതിനുള്ള സിയാലിന്റെ ശേഷി വർധിച്ചു. സിയാൽ മാനേജിംഗ് ഡയറക്ടർ എസ്. സുഹാസ് വെയർഹൗസ് ഉദ്ഘാടനം ചെയ്തു. ചരക്കുകളുടെ ടേൺ അറൗണ്ട് സമയം കുറയ്ക്കാനും കോൾഡ് ചെയിൻ സൗകര്യങ്ങൾ ശക്തിപ്പെടുത്താനും പ്രത്യേക ചരക്കുകളുടെ കാര്യക്ഷമമായ കൈകാര്യം ചെയ്യലിനും വിപുലീകരിച്ച എക്സ്പോർട്ട് കാർഗോ വെയർഹൗസ് സഹായകരമാകുമെന്ന് എസ്. സുഹാസ് പറഞ്ഞു. വ്യാപാര, ലോജിസ്റ്റിക് മേഖലയുടെ മാറിവരുന്ന ആവശ്യങ്ങൾക്കനുസരിച്ച് അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്താനുള്ള സിയാലിന്റെ തുടർച്ചയായ ശ്രമങ്ങളുടെ ഭാഗമാണ് ഈ പദ്ധതി എന്നും അദ്ദേഹം കൂട്ടിച്ചേർത്തു. കസ്റ്റംസ് ഡെപ്യൂട്ടി കമ്മീഷണർ ഇ. വികാസ്, ജനറൽ മാനേജരും കാർഗോ വിഭാഗം മേധാവിയുമായ സതീഷ് കുമാർ പൈ, എയർപോർട്ട് ഡയറക്ടർ ജി. മനു തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.



സൊസൈറ്റി ടുഡേ
SOCIETY TODAY



# കുളമാവ് വടക്കേപ്പുഴ ടൂറിസത്തിന് വൈദ്യുതി ബോർഡിന്റെ അനുമതി

**തൊടുപുഴ:** ഇടുക്കി ജലവൈദ്യുതി പദ്ധതിയുടെ ഭാഗമായ കുളമാവ് വടക്കേപ്പുഴ ഡൈവേർഷൻ ഡാമിൽ വിനോദസഞ്ചാര പദ്ധതികൾ ആരംഭിക്കുന്നതിന് വൈദ്യുതി ബോർഡിന്റെ അനുമതി. വടക്കേപ്പുഴ ജലാശയത്തിൽ ടൂറിസം പ്രവർത്തനങ്ങൾ നടത്തുന്നതിനായി കേരള ഹൈഡൽ ടൂറിസം സെന്ററിനാണ് ബോർഡ് എൻഒസി അനുവദിച്ചത്.

കഴിഞ്ഞ ദിവസം ചേർന്ന കെഎസ്ഇബി ഫുൾ ടൈം ഡയറക്ടർമാരുടെ യോഗത്തിലാണ് ഇതുസംബന്ധിച്ച നിർണായക തീരുമാനം എടുത്തത്. വൈദ്യുതി, ജലവിഭവ മന്ത്രിമാരുടെ നേതൃത്വത്തിൽ നടന്ന ചർച്ചകളെത്തുടർന്നാണ് നടപടി.

ടൂറിസം പദ്ധതിക്കായി അനുമതി നൽകിയെങ്കിലും കെഎസ്ഇബി ചില പ്രധാന നിബന്ധനകൾ മുന്നോട്ടു വച്ചിട്ടുണ്ട്. നിലവിൽ വടക്കേപ്പുഴ പമ്പിംഗ് സ്റ്റേഷനിൽനിന്ന് കുളമാവ് ഡാമിലേക്ക് വെള്ളം പമ്പു ചെയ്യുന്നതിന് തടസമുണ്ടാവാൻ പാടില്ല. ഇതിനു മേൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തരുത്. പമ്പ് ഹൗസിലേക്കുള്ള പ്രധാന ചാനലിൽനിന്നു സുരക്ഷിതമായ അകലം പാലിച്ച് ബാരിക്കേഡുകൾ സ്ഥാപിക്കണം. 240 എച്ച്പിയുടെ മൂന്ന് മോട്ടോറുകൾ ഉപയോഗിച്ചാണ് വെള്ളം പമ്പ് ചെയ്യുന്നത്.

ബോട്ടിംഗ് ഏരിയ വ്യക്തമായി വേർതിരിക്കണം. ടൂറിസം പദ്ധതി നടപ്പാക്കുന്ന പ്രദേശം വനംവകുപ്പിന്റെ പാട്ടഭൂമി ആയതിനാൽ, വനംവകുപ്പിൽനിന്നുള്ള പ്രത്യേക അനുമതി കെഎച്ച്ടിസി മുൻകൂറായി വാങ്ങണം.

ബോട്ടിംഗിനും മറ്റു വിനോദസഞ്ചാര പ്രവർത്തനങ്ങൾക്കും ആവശ്യമായ എല്ലാ സുരക്ഷാ മാനദണ്ഡങ്ങളും കർശനമായി പാലിക്കണം. നിലവിൽ വടക്കേപ്പുഴ വിയറിന്റെയും ചാനലിന്റെയും അറ്റകുറ്റപ്പണികൾ കെഎസ്ഇബി ഡാം സേഫ്റ്റി വിഭാഗമാണ് നിർവഹിക്കുന്നത്.പ്രതിവർഷം ശരാശരി 16 എംസിഎം ജലം വൈദ്യുതി ഉത്പാദനത്തിനായി ഇവിടെനിന്നു കുളമാവ് ഡാമിലേക്ക് പമ്പ് ചെയ്യുന്നുണ്ട്. വടക്കേപ്പുഴ ചെക്ക് ഡാമിൽ പെഡൽ ബോട്ടിംഗ്, ചെക്ക് ഡാമിനു ചുറ്റും ഉദ്യാനം, ജലാശയത്തിന് ചുറ്റും നടത്തത്തിനുള്ള സൗകര്യം ഇങ്ങനെ വിപുലമായ സംവിധാനങ്ങളാണ് വിഭാവനം ചെയ്യുന്നത്. അപകടരഹിതമായ ബോട്ടിംഗിന് ഏറെ സാധ്യതയുള്ളതാണ് വടക്കേപ്പുഴ ചെക്ക് ഡാം.

കാര്യമായ ആഴമില്ലാത്തതിനാലാണ് അപകടസാധ്യത കുറവ്. വടക്കേപ്പുഴ ടൂറിസം പദ്ധതിക്കായി 2013-14 ബജറ്റിൽ ഒരു കോടിയാണ് നീക്കിവച്ചിരുന്നത്.

# മുല്ലപ്പെരിയാർ: റോബോട്ടിക് വാഹനമുപയോഗിച്ചുള്ള അണ്ടർവാട്ടർ പരിശോധന പൂർത്തിയായി

**കുമളി:** മുല്ലപ്പെരിയാർ അണക്കെട്ടിന്റെ സുരക്ഷയും സ്ഥിരതയും ഉറപ്പാക്കുന്നതിനായി തമിഴ്നാട്കേരള ഉദ്യോഗസ്ഥരുടെ സാന്നിധ്യത്തിൽ കഴിഞ്ഞ ഒരാഴ്ചയായി നടന്നുവന്ന റോബോട്ടിക് പരിശോധന (ആർഒവി റിമോട്ട് ഓപ്പറേറ്റഡ് വെഹിക്കിൾ) പൂർത്തിയായി. അണക്കെട്ടിന്റെ ജലത്തിനടിയിലുള്ള ഭാഗങ്ങൾ പരിശോധിച്ചതിന്റെ റിപ്പോർട്ട് ഉടൻതന്നെ ഉന്നതാധികാര സമിതിക്ക് കൈമാറും.

ദേശീയ അണക്കെട്ട് സുരക്ഷാ അഥോറിറ്റിയുടെ നിയന്ത്രണത്തിലുള്ള മുല്ലപ്പെരിയാർ അണക്കെട്ടിന്റെ മേൽനോട്ടത്തിനായി സുപ്രീംകോടതി നിർദേശപ്രകാരം അനിൽ ജെയിൻ അധ്യക്ഷനായ നിരീക്ഷണസമിതി നിലവിലുണ്ട്. ഈ സമിതിയുടെ നിർദേശപ്രകാരമാണ് അണക്കെട്ടിന്റെ ജലത്തിനടിയിലുള്ള ഭാഗങ്ങളുടെ ബലം പരിശോധിക്കാൻ തീരുമാനിച്ചത്.

ഡിസംബർ 22 മുതൽ ന്യൂഡൽഹിയിലെ സെൻട്രൽ സോയിൽ ആൻഡ് മെറ്റീരിയൽ റിസർച്ച് സ്റ്റേഷനിലെ ഗവേഷകരായ മനീഷ് ഗുപ്ത, സർവേദി, സെന്തിൽ, വിജയ്, ഡോ. ജാലെ ലിംഗസ്വാമി, ലാബ് അസിസ്റ്റൻറ് ദീപക് കുമാർ ശർമ എന്നിവരടങ്ങുന്ന സംഘം ഇരുസംസ്ഥാനങ്ങളിലെയും ഉദ്യോഗസ്ഥരുടെ സാന്നിധ്യത്തിൽ പരിശോധന നടത്തുകയായിരുന്നു. 1,200 അടി നീളമുള്ള അണക്കെട്ടിനെ 100 അടി വീതമുള്ള 12 ഭാഗങ്ങളായി തിരിച്ചായിരുന്നു പരിശോധന.

റോബോട്ടിക് വാഹനം ജലത്തിനടിയിൽനിന്ന് പകർത്തിയ ദൃശ്യങ്ങൾ ഗവേഷകർ ബോട്ടിലിരുന്ന് കൺട്രോൾ കൺസോൾ സ്ക്രീൻ വഴി നിരീക്ഷിച്ചു.

ജലത്തിന്റെ ആഴം, വാഹനത്തിൻറെ ദിശ, മർദം, താപനില എന്നിവ കൃത്യമായി രേഖപ്പെടുത്തി. ഇതിന്റെ വിശദമായ റിപ്പോർട്ട് ഗവേഷകർ ഉടൻതന്നെ മേൽനോട്ട സമിതിക്ക് സമർപ്പിക്കും.



# അന്താരാഷ്ട്ര ആയുർവേദ ഗവേഷണ കേന്ദ്രത്തെ തെളിവധിഷ്ഠിത ആയുർവേദത്തിന്റെ ആഗോള കേന്ദ്രമാക്കും: വീണാ ജോർജ്ജ്

**തിരുവനന്തപുരം:** അന്താരാഷ്ട്ര ആയുർവേദ ഗവേഷണ കേന്ദ്രത്തെ തെളിവധിഷ്ഠിത ആയുർവേദത്തിന്റെ ആഗോള കേന്ദ്രമാക്കുമെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. 40 ഓളം സ്ഥാപനങ്ങൾ ഗവേഷണവുമായി സഹകരിക്കാൻ ധാരണയായി. സംസ്ഥാനത്തെ എല്ലാ സയൻസ് ആന്റ് ടെക്നോളജി സ്ഥാപനങ്ങളും അന്താരാഷ്ട്ര ആയുർവേദ ഗവേഷണ കേന്ദ്രവുമായി സഹകരിക്കുന്നുണ്ട്. അന്താരാഷ്ട്ര ആയുർവേദ ഗവേഷണ കേന്ദ്രവുമായി സിസിആർഎഎസുമായി ധാരണപത്രം ഒപ്പിടും. കേന്ദ്രത്തിന്റെ പ്രവർത്തനങ്ങളുമായി ബയോ 360 സയൻസ് പാർക്കും സഹകരിക്കാൻ ധാരണയായി. കാൻസർ ഗവേഷണ രംഗത്ത് മലബാർ കാൻസർ സെന്ററുമായും സഹകരിച്ച് പ്രവർത്തിക്കുമെന്നും മന്ത്രി വ്യക്തമാക്കി. അന്താരാഷ്ട്ര ആയുർവേദ ഗവേഷണ കേന്ദ്രത്തിന്റെ പ്രീലോഞ്ച് ദേശീയ ഗവേഷണ സംഗമം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു മന്ത്രി.

അന്താരാഷ്ട്ര ആയുർവേദ ഗവേഷണ കേന്ദ്രം ആയുർവേദ രംഗത്തെ ചരിത്രപരമായ നാഴികക്കല്ലാണ്. ലോക ശ്രദ്ധയുള്ള ആയുർവേദ രംഗത്ത് ഗവേഷണം അനിവാര്യമാണ്. അതിനാലാണ് ഗവേഷണത്തിന് വളരെ പ്രാധാന്യം നൽകി കിഫ്ബി വഴി വലിയ തുക ചെലവഴിച്ച് അന്താരാഷ്ട്ര ആയുർവേദ ഗവേഷണ കേന്ദ്രം യാഥാർത്ഥ്യമാക്കുന്നത്. ഗവേഷണ കേന്ദ്രത്തിന്റെ നിർമ്മാണം കോവിഡ് കാരണം കഴിഞ്ഞ സർക്കാരിന്റെ കാലത്ത് മുന്നോട്ട് കൊണ്ടുപോകാൻ കഴിഞ്ഞില്ല. 2021-22ൽ കേന്ദ്രത്തിന്റെ നിർമ്മാണം ആരംഭിച്ചു. ഇപ്പോൾ വലിയ രീതിയിൽ മുന്നോട്ട് പോകാനായി. ജനുവരി അവസാനം അന്താരാഷ്ട്ര ആയുർവേദ ഗവേഷണ കേന്ദ്രത്തിന്റെ ഉദ്ഘാടനം നടക്കും.

ഭാവിയിലെ ആരോഗ്യം ലക്ഷ്യം വച്ചുകൊണ്ടുള്ള പ്രവർത്തനങ്ങളാണ് ആരോഗ്യ വകുപ്പ് നടത്തുന്നത്. കേരളം ആയുർവേദ വൈൽനസ് ടൂറിസത്തിന്റെ കേന്ദ്രമാക്കാനാണ് ശ്രമിക്കുന്നത്. ആയുർവേദ രംഗത്ത് തെളിവധിഷ്ഠിതമായി ഡോക്യുമെന്റേഷൻ നടത്തുന്നതിനാണ് പരിശ്രമിക്കുന്നത്. മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ കൃത്യമായ ഇടവേളകളിൽ യോഗങ്ങൾ ചേർന്നിരുന്നു. ആരോഗ്യ രംഗത്ത് വയോജന പരിപാലനം, കാൻസർ കെയർ, പാലിയേറ്റീവ് കെയർ എന്നിവയ്ക്ക് വലിയ പ്രാധാന്യമാണ് നൽകുന്നത്. കാൻസർ പ്രതിരോധത്തിന് ആരോഗ്യ വകുപ്പ് ആരോഗ്യം ആനന്ദം ക്യാമ്പയിൻ നടത്തി. 22 ലക്ഷത്തിലധികം പേർക്ക് കാൻസർ സ്ക്രീനിംഗ് നടത്തി. അന്താരാഷ്ട്ര ആയുർവേദ ഗവേഷണ കേന്ദ്രത്തെ ഹബ്ബ് ആന്റ് സ്പോക്ക് മാതൃകയിൽ കൊണ്ടുവരും.

ഈ സർക്കാരിന്റെ കാലത്ത് ആരോഗ്യ രംഗത്ത് വിവിധ സ്ഥാപനങ്ങൾ കൊണ്ടുവരാനായി. അതിൽ പ്രധാനമാണ് അന്താരാഷ്ട്ര ആയുർവേദ ഗവേഷണ കേന്ദ്രം. കേരള സിഡിസിയും, വൺ ഹെൽത്ത് സെന്റർ ഫോർ നിപ റിസർച്ചും സ്ഥാപിച്ചു. ഈ സർക്കാരിന്റെ കാലത്ത് സ്ഥാപിച്ച ഐഎവി വലിയൊരു മാതൃകയാണ്. മോഡേൺ മെഡിസിനെ പോലെ ആയുർവേദത്തെ നോക്കിക്കാണാൻ കഴിയുന്ന ഒന്നാക്കാൻ അന്താരാഷ്ട്ര ഗവേഷണ കേന്ദ്രത്തിന് കഴിയണമെന്നും മന്ത്രി പറഞ്ഞു. എംഎൽഎ കെ.കെ. ശൈലജ ചടങ്ങിൽ മുഖ്യ പ്രഭാഷണം നടത്തി. ആരോഗ്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ഡോ. രാജൻ എൻ ഖോബ്രഗഡെ അധ്യക്ഷത വഹിച്ച ചടങ്ങിൽ മുഖ്യമന്ത്രിയുടെ ശാസ്ത്ര ഉപദേഷ്ടാവ് എം സി ദത്തൻ, സിസിആർഎഎസ് ഡയറക്ടർ ജനറൽ ഡോ. രബിനാരായണ ആചാര്യ, ഭാരതീയ ചികിത്സാ വകുപ്പ് മേധാവി ഡോ. കെ.എസ്. പ്രിയ, ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ ഡോ. ടി.ഡി ശ്രീകുമാർ, ഡോ. രാജ് മോഹൻ, നാഷണൽ ആയുഷ് മിഷൻ സംസ്ഥാന പ്രോഗ്രാം മാനേജർ ഡോ. സജി പിആർ തുടങ്ങിയവർ പങ്കെടുത്തു.

# ആരോഗ്യം ആനന്ദം വൈബ് 4 വെൽനെസ് ക്യാമ്പയിൻ: പ്രീ ലോഞ്ച് നടന്നു

**കൊച്ചി:** പുതുവർഷത്തിൽ നല്ല ആരോഗ്യമെന്ന സന്ദേശവുമായി ആരോഗ്യവകുപ്പ് നടപ്പാക്കുന്ന ആരോഗ്യം ആനന്ദം വൈബ് 4 വെൽനെസ് ക്യാമ്പയിന്റെ പ്രീ ലോഞ്ച് കോതമംഗലം മാർ ബസേലിയോസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി ആൻഡ് സയൻസിൽ നടന്നു.

ആന്റണി ജോൺ എം.എൽ.എ ഉദ്ഘാടനം ചെയ്തു. ആരോഗ്യ രംഗത്ത് ലോകത്തിന് തന്നെ മാതൃകയായ നാടാണ് നമ്മുടേത്. ജീവിത ശൈലി രോഗങ്ങളുടെ കാര്യത്തിലും നമുക്ക് മാതൃകാപരമായ മുന്നേറ്റം സാധ്യമാക്കേണ്ടതുണ്ട്. അതിനുള്ള വലിയ ശ്രമമാണ് ഈ ക്യാമ്പയിൻ എന്നും പരമാവധി പേരിലേക്ക് ബോധവൽക്കരണ സന്ദേശം എത്തിക്കാൻ കഴിയണമെന്നും എം.എൽ.എ പറഞ്ഞു.

പരിപാടിയുടെ ഭാഗമായി പ്രത്യേകം ബ്രാൻഡ് ചെയ്ത കെ.എസ്.ആർ.ടി.സി ബസും സൈക്കിൾ റൈഡർമാരും അണിനിരന്ന വിളംബര റാലി നടന്നു. റാലി കോതമംഗലം നഗരസഭാ ചെയർപേഴ്സൺ ഭാനുമതി രാജു ഫ്ലാഗ് ഓഫ് ചെയ്തു. ഉദ്ഘാടന ചടങ്ങിൽ കവളങ്ങാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ബിന്ദു ജോർജ് അധ്യക്ഷയായി. ഇന്ത്യൻ വോളിബോൾ ടീം മുൻ ക്യാപ്റ്റൻ ടോം ജോസഫ് മുഖ്യാതിഥിയായിരുന്നു.

ക്യാമ്പയിനിന്റെ സംസ്ഥാന തല ഉദ്ഘാടനം ജനുവരി ഒന്നിന് തിരുവനന്തപുരത്ത് നടക്കും. അതിനു മുന്നോടിയായാണ് ജില്ലകളിൽ പ്രീ ലോഞ്ച് പരിപാടി സംഘടിപ്പിക്കുന്നത്. എറണാകുളം, ഇടുക്കി ജില്ലകളിലെ പ്രീ ലോഞ്ച് ആണ് കോതമംഗലത്ത് നടന്നത്. ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. എ.എൽ ഷീജ വിഷയം അവതരിപ്പിച്ചു. മെഡിക്കൽ ഓഫീസർ ഡോ. കെ.എൻ സതീഷ് മുഖ്യ പ്രഭാഷണം നടത്തി. ഡോ. ഷീബ ബാലകൃഷ്ണൻ, ആർ.സി.എച്ച് ഓഫീസർ ഡോ. എം.എസ് രശ്മി, ഡെപ്യൂട്ടി ഡി.എം.ഒമാരായ ഡോ. ആരതി കൃഷ്ണൻ , ഡോ. എസ്. സുരേഷ് വർഗീസ്, ആരോഗ്യ കേരളം ജില്ലാ പ്രോഗ്രാം മാനേജർമാരായ ഡോ. ഇ.കെ ഖായസ്, ഡോ. പ്രസിലിൻ ജോർജ്, ആർദ്രം നോഡൽ ഓഫീസർ ഡോ. സജിത്ത് ജോൺ, എംബിറ്റ്സ് കോളേജ് പ്രിൻസിപ്പൾ ഡോ. തോമസ് ജോർജ്, സെക്രട്ടറി ബിനോയ് മണ്ണാഞ്ചേരി, ഡയറക്ടർ ഡോ. ഷാജൻ കുര്യാക്കോസ്, കോതമംഗലം താലൂക്ക് ആശുപത്രി സൂപ്രണ്ട് ഡോ. സാം പോൾ, ഡി.എം.എച്ച്.പി നോഡൽ ഓഫീസർ ഡോ. ദയാ പാസ്കൽ, എച്ച്.ഡബ്ല്യൂ.സി കൺസൾട്ടന്റ് ഡോ. ഗോപിക പ്രേം, ആയുർവേദ സി.എം.ഒ ഡോ. മിനി, നാഷണൽ ആയുഷ് മിഷൻ പ്രോജക്ട് കോ ഓഡിനേറ്റർ ഡോ. അപർണ, ജില്ലാ എഡ്യൂക്കേഷൻ ആന്റ് മീഡിയ ഓഫീസമാരായ ജി. രജനി, ഷൈല, ടെക്നിക്കൽ അസിസ്റ്റന്റുമാരായ എം.ആർ ബാബു, കെ.ടി സന്തോഷ്, ഹെൽത്ത് സൂപ്പർവൈസർ ബിജോഷ് തുടങ്ങിയവർ ഉദ്ഘാടന ചടങ്ങിൽ പങ്കെടുത്തു.

സൊസൈറ്റി ടുഡേ
SOCIETY TODAY




# വർത്തമാനകാലം ഭാവിയെ രൂപപ്പെടുത്താനുള്ള അവശിഷ്ടങ്ങൾ

**കൊച്ചി:** ഭാവിയെ രൂപപ്പെടുത്താനുള്ള അവശിഷ്ടങ്ങളാണ് ഇന്ന് ജീവിച്ചിരിക്കുന്ന ഓരോരുത്തരുമെന്ന് പ്രശസ്ത അൾജീരിയൻ കലാകാരനായ കാദിർ അത്തിയ പറഞ്ഞു. കൊച്ചി ബിനാലെ ഫൗണ്ടേഷൻ നടത്തുന്ന ലെറ്റ്സ് ടോക്ക് പ്രഭാഷണ പരമ്പരയിൽ കലാകാരൻ വിവാൻ സുന്ദരം അനുസ്മരണം നടത്തുകയായിരുന്നു അദ്ദേഹം. കൊച്ചി മുസിരിസ് ബിനാലെ ആറാം ലക്കത്തിന്റെ പവലിയൻ വേദിയായ ബാസ്റ്റിൻ ബംഗ്ലാവിലായിരുന്നു പ്രഭാഷണം. അൺപ്രഡിക്ടബിൾ മെമ്മറീസ് എന്നു പേരിട്ട പ്രഭാഷണത്തിൽ എങ്ങിനെയാണ് പുരാതന കാലം മുതൽക്കേ മനുഷ്യരുടെ വൈയക്തിക ജീവതങ്ങൾ കാലാകലങ്ങളായി ഭാവി തലമുറയെയും സ്വഭാവത്തെയും സ്വാധീനിച്ചതെന്ന് അദ്ദേഹം വിവരിച്ചു. ഓർമ്മയെന്ന വാക്കിന്റെ ആദ്യ ചിന്ത തന്നെ അമ്മയെക്കുറിച്ചായിരിക്കും. പിന്നീട് കുടുംബം വീട്, പരിസരം എന്നിവയും മനസിൽ ചിരകാലപ്രതിഷ്ഠ നേടും. അവയവങ്ങൾ മുറിച്ചു കളയപ്പെട്ടവർക്ക് അനുഭവപ്പെടുന്ന ഫാന്റം പെയിൻ(വേദന) തന്റെ പ്രഭാഷണത്തിൽ കാദിർ പ്രാധാന്യത്തോടെ അവതരിപ്പിച്ചു. മുറിച്ചു കളയപ്പെട്ടതിനു ശേഷവും രോഗാതുരമായിരുന്ന ആ അവയവത്തിന്റെ വേദന കുറേക്കാലം കൂടി രോഗികൾക്ക് അനുഭവപ്പെടും. ജീവശാസ്ത്രപരമായി വേദനയ്ക്ക് അടിസ്ഥാനമില്ലെങ്കിൽ കൂടിയും മനശാസ്ത്രപരമായി ആ വേദന നിലനിൽക്കുമെന്നതാണ് ഫാന്റം പെയിനിന്റെ തത്വം.

ഈ മാതൃക തന്നെ തലമുറകൾ കൈമാറി വരുന്ന മനുഷ്യസ്വഭാവത്തിലും ഉണ്ടെന്നാണ് കാദിറിന്റെ ഭാഷ്യം. അത് കേവലം ജനിതകമായ സാദൃശ്യം മാത്രമല്ല. അറിഞ്ഞോ അറിയാതെയോ ഒരു വ്യക്തിയോ സമൂഹമോ, ഭാവിയെ രൂപപ്പെടുത്തുന്നതിൽ വലിയ സ്വാധീനം നടത്തുന്നുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.ഇതേ കാര്യം തന്നെ നിർമ്മിത ബുദ്ധിയുടെ സഹായത്തോടെ അദ്ദേഹം പുനർനിർമ്മിച്ചിട്ടുണ്ട്. രണ്ടാം ലോകമഹായുദ്ധകാലത്തെ പട്ടാളക്കാർ ആർട്ട് ഗാലറിയിൽ നിൽക്കുന്ന ചിത്രങ്ങൾ നിർമ്മിച്ചപ്പോൾ അതെല്ലാം പഴയ വിഖ്യാത ചിത്രകാരന്മാരുടെ ചിത്രങ്ങളുമായി സാദൃശ്യമുള്ളവയായിരുന്നു. നിർമ്മിത ബുദ്ധിക്ക് പോലും ഈ അവശിഷ്ട സ്വാധീനത്തിൽ നിന്ന് രക്ഷപ്പെടാനാവില്ല.അതിനാൽ തന്നെ ജീവിത കാലത്ത് കഴിവതും ധാർമ്മികതയും സഹവർത്തത്വവും മുറുകെ പിടിച്ച് ജീവിക്കണമെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

# അമൃത വിദ്യാഭ്യാസ ഉച്ചകോടി കൊച്ചിയിൽ സംഘടിപ്പിച്ചു

**കൊച്ചി:** അന്താരാഷ്ട്ര ഗവേഷണ സ്ഥാപനമായ ജെബിഐയുടെയും ജെബിഐ അമൃത സെന്റർ ഫോർ എവിഡൻസ് സിന്തസിസ് ആൻഡ് ഇംപ്ലിമെന്റേഷന്റെയും ആഭിമുഖ്യത്തിൽ കൊച്ചിയിൽ എഴുപത്തിനാലാമത് ജെബിഐ കൊളോക്കിയം സംഘടിപ്പിച്ചു. അന്താരാഷ്ട്ര തലത്തിൽ വിവിധ വൈദ്യശാസ്ത്ര മേഖലകളിൽ നിന്നുള്ള വിദഗ്ദർ, ഡോക്ടർമാർ, ഗവേഷകർ എന്നിവർ ഉൾപ്പടെ 220 പേർ ഉച്ചകോടിയിൽ പങ്കെടുത്തു. ത്രിദിന ഉച്ചകോടിയുടെ ഭാഗമായി സംഘടിപ്പിച്ച പോസ്റ്റർ പ്രസന്റേഷൻ, പ്ലീനറി സെഷനുകൾ, എന്നിവയിൽ വിവിധ രാജ്യങ്ങളിൽ നിന്നുള്ള പ്രതിനിധികളും ഭാഗമായി. കൊച്ചി അമൃത ആശുപത്രിയിലെ പീഡിയാട്രിക് കാർഡിയോളജി പ്രൊഫസറും മേധാവിയുമായ ഡോ. കെ.എൻ. കൃഷ്ണകുമാർ സമ്മേളനം ഉദ്ഘാടനം ചെയ്തു. ജെബിഐ അമൃത സെന്റർ ഡയറക്ടർ ചന്ദ്രശേഖർ ജെ സ്വാഗത പ്രസംഗം നടത്തി, തുടർന്ന് ജെ




ബിഐ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ സോ ജോർദാൻ ഉദ്ഘാടന പ്രസംഗം നടത്തി. കൃത്യതയാർന്ന പഠനങ്ങളിലൂടെ രോഗീ പരിചരണവും ചികിത്സയും കൂടുതൽ മെച്ചപ്പെടുത്താൻ ഗവേഷണങ്ങൾ നടത്തുന്ന അന്താരാഷ്ട്ര കൂട്ടായ്മയാണ് ജെബിഐ.

## എറണാകുളം സർക്കാർ മെഡിക്കൽ കോളേജ് 25–ാം വാർഷികം ആഘോഷിച്ചു

**കൊച്ചി:** എറണാകുളം സർക്കാർ മെഡിക്കൽ കോളേജ് 25–ാം വാർഷികം ആഘോഷിച്ചു. ജീവനക്കാരുടേയും, വിദ്യാർത്ഥി യൂണിയന്റെയും നേതൃത്വത്തിലാണ് ആഘോഷ പരിപാടികൾ സംഘടിപ്പിച്ചത്. മെഡിക്കൽ കോളേജ് ആശുപത്രിക്ക് സി.എസ്.ആർ ഫണ്ട് നൽകിയ കൊച്ചിൻ ഷിപ്പ്യാർഡ്, റോട്ടറി ക്ലബ്, എൽ.ജി. ഇലക്ട്രോണിക്സ്, പവർഗ്രിഡ്, ബി. പി. സി. എൽ, മിസ്തുബിഷി ഇന്ത്യ എന്നീ സ്ഥാപനങ്ങളുടെ പ്രതിനിധികളെ ചടങ്ങിൽ ആദരിച്ചു. തുടർന്ന് ജീവനക്കാരുടേയും, വിദ്യാർത്ഥികളുടേയും കലാപരിപാടികൾ അരങ്ങേറി. ചടങ്ങിൽ സബ് കളക്ടർ ഗ്രന്ഥേ സായ് കൃഷ്ണ, സിന്തൈറ്റ് ഇൻഡസ്ട്രീസ് പ്രൈവറ്റ് ലിമിറ്റഡ് എക്സിക്യൂട്ടീവ് ചെയർമാൻ വിജു ജേക്കബ്ബ് എന്നിവർ പങ്കെടുത്തു.

## ഹോർട്ടികൾച്ചർ മിഷൻ ധനസഹായം: അപേക്ഷകൾ ക്ഷണിച്ചു

**കൊച്ചി:** സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ നടപ്പിലാക്കുന്ന വിവിധ പദ്ധതികൾക്കും കാർഷിക അനുബന്ധ പ്രവർത്തനങ്ങൾക്കും ധനസഹായം നൽകുന്നു. ഫാം ഗേറ്റ് പാക്ക് ഹൗസ്, പ്രൈമറി/മിനിമൽ പ്രോസസ്സിംഗ് യൂണിറ്റുകൾ, റീഫർ വാനുകൾ, കോൾഡ് ചേമ്പറുകൾ, കോൾഡ് റൂമുകൾ, സോളാർ ഡ്രയർ, ചെറുകിടഹൈടെക് നഴ്സറികൾ തുടങ്ങിയവക്കാണ് പ്രോജക്ട് അടിസ്ഥാനത്തിൽ സഹായം ലഭിക്കുക. നിർമ്മാണം പൂർത്തിയാകുന്ന മുറയ്ക്ക് ബാങ്ക് വായ്പയുമായി ബന്ധിപ്പിച്ച ക്രെഡിറ്റ് ലിങ്ക്ഡ് ബാക്ക് എൻഡഡ് സബ്സിഡി രീതിയിലാണ് ധനസഹായം അനുവദിക്കുന്നത്. കൂടാതെ, ഉന്തുവണ്ടികൾ, ആന്റി ബേർഡ്ആന്റി ഹയിൽ നെറ്റുകൾക്കായുള്ള സ്ഥിരം സംവിധാനങ്ങൾ, സംരക്ഷിത കൃഷി രീതികളായ പോളി ഹൗസ്, മഴമറ, തണൽവല മറകൾ എന്നിവക്കും സഹായമുണ്ട്.
ഹൈടെക് കൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ഫാൻ ആൻഡ് പാഡ് സിസ്റ്റം, ഹൈഡ്രോപോണിക്സ്, എറോപോണിക്സ്, സെൻസർ ബേസ്ഡ് ഓട്ടോമേഷൻ സിസ്റ്റംസ്, സർക്കുലേഷൻ ഫാനുകൾ, ജലസംഭരണികൾ എന്നിവക്കും ഹോർട്ടികൾച്ചർ മിഷൻ സാമ്പത്തിക സഹായം നൽകും. അപേക്ഷകൾ അതത് കൃഷിഭവനുകളിൽ സമർപ്പിക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്കും അപേക്ഷാ ഫോമുകൾക്കുമായി www.nhm.nic.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക.




## കരുത്തുറ്റ പോരാട്ട വേദിയായി 32ാമത് സംസ്ഥാന കരാട്ടെ ടൂർണമെന്റ്

**കൊച്ചി:** ഒ.കെ.എസ്.കെ സ്കൂൾ ഓഫ് കരാട്ടെയുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച 32ാമത് സംസ്ഥാന കരാട്ടെ ടൂർണമെന്റ് സമാപിച്ചു. കരാട്ടെ ഫെഡറേഷൻ പ്രസിഡന്റ് ജോസ് മാവലിയുടെ അധ്യക്ഷതയിൽ നടന്ന സമാപന ചടങ്ങ് എറണാകുളം ജില്ലാ സ്പോർട്സ് കൗൺസിൽ വൈസ് പ്രസിഡന്റ് എ. ആർ. രഞ്ജിത്ത് ഉദ്ഘാടനം ചെയ്തു. വിജയികൾക്കുള്ള സമ്മാനദാനവും അദ്ദേഹം നിർവഹിച്ചു.

കറുകുറ്റി അസീസി ശാന്തി കേന്ദ്രത്തിൽ വെച്ചാണ് ആവേശകരമായ മത്സരങ്ങൾ സംഘടിപ്പിച്ചത്. വിവിധ ജില്ലകളിൽ നിന്നായി 200ലധികം മത്സരാർത്ഥികൾ ടൂർണമെന്റിൽ പങ്കെടുത്തു

ടൂർണമെന്റ് കൺവീനർ എ.എസ്. രവിചന്ദ്രൻ ചടങ്ങിൽ സ്വാഗതം ആശംസിച്ചു.

സംസ്ഥാന ഡയറക്ടർ എ.എസ്.എസ്. കുമാർ, അമച്വർ കരാട്ടെ ഫെഡറേഷൻ കൺവീനർ ഡോ. ടോജി തോമസ്, ഡോ. ജോബി തോമസ്, എം.സി ജലാൽ, പി.ഡി. ബിജു എന്നിവർ സംസാരിച്ചു.

# ആസ്റ്റർ മെഡ്സിറ്റിയിൽ ഓഗ്മെന്റഡ് റിയാലിറ്റി ഉപയോഗിച്ച് കാൽമുട്ട് മാറ്റിവെക്കൽ ശസ്ത്രക്രിയ

**കൊച്ചി:** അത്യാധുനിക സാങ്കേതികവിദ്യയായ ഓഗ്മെന്റഡ് റിയാലിറ്റി ഉപയോഗിച്ചുള്ള കാൽമുട്ട് മാറ്റിവെക്കൽ ശസ്ത്രക്രിയ വിജയകരമായി പൂർത്തിയാക്കി ആസ്റ്റർ മെഡ്സിറ്റി. ദക്ഷിണേന്ത്യയിൽ ആദ്യമായാണ് ഇത്തരമൊരു ശസ്ത്രക്രിയ നടക്കുന്നത്. ചേർത്തല സ്വദേശിയായ 57 വയസ്സുകാരനിലാണ് ശസ്ത്രക്രിയ വിജയകരമായി പൂർത്തിയാക്കിയത്.

ആസ്റ്റർ മെഡ്സിറ്റിയിലെ ലീഡ് കൺസൾട്ടന്റ് ഓർത്തോപീഡിക് സർജൻ ഡോ. വിജയമോഹന്റെ നേതൃത്വത്തിലുള്ള മെഡിക്കൽ സംഘമാണ് ശസ്ത്രക്രിയയ്ക്ക് നേതൃത്വം നൽകിയത്. ശസ്ത്രക്രിയ നടത്തുന്ന ഡോക്ടറുടെ കാഴ്ചയിലേക്ക് ഡിജിറ്റൽ വിവരങ്ങൾ തത്സമയം ലഭ്യമാക്കുന്ന സാങ്കേതികവിദ്യയാണ് ഓഗ്മെന്റഡ് റിയാലിറ്റി. കാൽമുട്ടിലെ ഇംപ്ലാന്റുകളുടെ സ്ഥാനം, അലൈൻമെന്റ്, മൃദുവായ കലകളുടെ സന്തുലിതാവസ്ഥ എന്നിവ നൂറു ശതമാനം കൃത്യതയോടെ ഉറപ്പാക്കാൻ ഇത് സഹായിക്കുന്നു. ശസ്ത്രക്രിയയ്ക്കിടയിലുണ്ടാകാൻ സാധ്യതയുള്ള ചെറിയ പിഴവുകൾ പോലും പൂർണ്ണമായും ഒഴിവാക്കാനും ശസ്ത്രക്രിയ അതീവ സുരക്ഷിതമായി പൂർത്തിയാക്കാനും



ഈ സാങ്കേതികവിദ്യ സഹായിക്കുന്നു. രോഗീ കേന്ദ്രീകൃതമായ ചികിത്സാ രീതിയിലെ വലിയൊരു ചുവടുവെപ്പാണിതെന്ന് ഡോ. വിജയമോഹൻ വ്യക്തമാക്കി.

സങ്കീർണ്ണമായ ശരീരഘടന കൃത്യമായി കാണാൻ സഹായിക്കുന്നതിലൂടെ മികച്ച ഫലങ്ങൾ നൽകാൻ എ ആർ സാങ്കേതികവിദ്യയ്ക്ക് കഴിയുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ശസ്ത്രക്രിയയ്ക്കിടയിൽ അസ്ഥികളിലും കലകളിലും ഉണ്ടാകുന്ന അനാവശ്യമായ ആഘാതങ്ങൾ ഒഴിവാക്കാനും പിഴവില്ലാതെ ശസ്ത്രക്രിയ പൂർത്തിയാക്കാനും ഇതിലൂടെ സാധിക്കുന്നു. കൂടാതെ, ശസ്ത്രക്രിയയ്ക്കിടെ ഉണ്ടാകുന്ന രക്തസ്രാവവും ടിഷ്യു നാശവും കുറയ്ക്കാനും സാധിക്കും. പരമ്പരാഗത രീതികളെ അപേക്ഷിച്ച് രോഗിക്ക് വേദന കുറവായതിനാലും മുറിവുകൾ കുറവായതിനാലും വേഗത്തിൽ സാധാരണ ജീവിതത്തിലേക്ക് മടങ്ങാൻ സാധിക്കും. ലോകോത്തര നിലവാരത്തിലുള്ള മെഡിക്കൽ സേവനങ്ങൾ രോഗികൾക്ക് ലഭ്യമാക്കാനുള്ള ആസ്റ്റർ മെഡ്സിറ്റിയുടെ പ്രതിബദ്ധതയുടെ അടയാളമാണ് ഈ നേട്ടമെന്ന് ആശുപത്രി സി.ഇ.ഒ ഡോ. നളന്ദ ജയദേവ് പറഞ്ഞു. ശസ്ത്രക്രിയയ്ക്ക് ശേഷം രോഗി അതിവേഗം സുഖം പ്രാപിച്ചതായും മികച്ച ചലനക്ഷമത കൈവരിച്ചതായും ആശുപത്രി അധികൃതർ അറിയിച്ചു.



# ബിനാലെ കലാസൃഷ്ടികൾ ചിന്തോദ്ദീപകവും പ്രചോദനാത്മകവും

**കൊച്ചി:** കൊച്ചിമുസിരിസ് ബിനാലെയിലെ (കെ.എം.ബി) കലാസൃഷ്ടികൾ ചിന്തോദ്ദീപകവും പ്രചോദനാത്മകവുമാണെന്ന് വേദികൾ സന്ദർശിച്ച പ്രമുഖ നയതന്ത്രജ്ഞർ അഭിപ്രായപ്പെട്ടു. സിംഗപ്പൂരിലെ കനേഡിയൻ ഹൈക്കമ്മീഷണർ പോൾ തോപ്പിലും, കർണാടകയിലെ ബ്രിട്ടീഷ് ഡെപ്യൂട്ടി ഹൈക്കമ്മീഷണറും ദക്ഷിണേഷ്യൻ ഇൻവെസ്റ്റ്മെന്റ് ഡെപ്യൂട്ടി ട്രേഡ് കമ്മീഷണറുമായ ചന്ദ്രു അയ്യരും ബിനാലെ പ്രദർശനങ്ങൾ സന്ദർശിച്ചു.

കുടുംബത്തോടൊപ്പം കൊച്ചിയിൽ അവധി ആഘോഷിക്കാനെത്തിയതായിരുന്നു ഇരുവരും. കാലാവസ്ഥാ വ്യതിയാനം പോലുള്ള വർത്തമാനകാല വെല്ലുവിളികളെയും അത് മനുഷ്യരാശിയിലുണ്ടാക്കുന്ന ആഘാതങ്ങളെയും ബിനാലെ മികച്ച രീതിയിൽ ചിത്രീകരിക്കുന്നുണ്ടെന്ന് പോൾ തോപ്പിൽ പറഞ്ഞു. രത്ന ഗുപ്തയുടെ നെയ്ത്തു രീതികളും ഷജിത്തിന്റെ പ്രകൃതിയെയും മൃഗങ്ങളെയും കുറിച്ചുള്ള സൃഷ്ടിയും ഏറെ ശ്രദ്ധേയമാണ്. ബിനാലെയിലെ എല്ലാ സൃഷ്ടികളും കണ്ടുതീർക്കാൻ കുറഞ്ഞത് ഒരാഴ്ചയെങ്കിലും വേണ്ടിവരുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ഇവിടുത്തെ കലാവിഷ്കാരങ്ങൾ തന്റെ മനസ്സിൽ ആഴത്തിലുള്ള സ്വാധീനം ചെലുത്തിയെന്ന് ആദ്യമായി ബിനാലെ സന്ദർശിച്ച ചന്ദ്രു അയ്യർ പറഞ്ഞു.

ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള കലാകാരന്മാർ ഒത്തുചേരൽ ആഹ്ലാദകരമാണെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. നയതന്ത്രജ്ഞരെ കൂടാതെ കലചലച്ചിത്രം സാഹിത്യ മേഖലകളിലെ പ്രമുഖരും ബിനാലെ വേദികളിൽ സന്ദർശനം നടത്തി. ചലച്ചിത്ര മേളകളെപ്പോലെ തന്നെ ഓരോ ബിനാലെയും ആവേശത്തോടെയാണ് കാണുന്നതെന്ന് സംവിധായകൻ ടി.കെ. രാജീവ് കുമാർ പറഞ്ഞു. ഓരോ തവണ സന്ദർശിക്കുമ്പോഴും പുതിയ അർത്ഥതലങ്ങളാണ് ബിനാലെ വെളിപ്പെടുത്തുന്നത്. രണ്ട് വർഷം കൂടുമ്പോൾ കലാകാരന്മാർ തങ്ങളുടെ മാധ്യമങ്ങളിലും വിഷ്വൽ സെൻസിബിലിറ്റിയിലും വരുത്തുന്ന മാറ്റങ്ങൾ സാമൂഹിക പ്രതിബദ്ധതയുള്ള വിഷയങ്ങളെ ആഴത്തിൽ സ്പർശിക്കുന്നവയാണെന്നും അദ്ദേഹം വ്യക്തമാക്കി. കൊച്ചി സബ് കളക്ടർ ഗ്രന്ഥെ സായ് കൃഷ്ണ, കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം ഡയറക്ടറും സി.ഇ.ഒയുമായ ഡോ. ഫെബി വർഗീസ്, പ്രശസ്ത ക്യൂറേറ്ററും ഡിസൈനറുമായ രാജീവ് സേത്തി, സാഹിത്യ നിരൂപകൻ പ്രൊഫ. പി. പവിത്രൻ തുടങ്ങിയവരും ബിനാലെ കാണാനെത്തിയിരുന്നു.

## സംസ്കൃത സർവ്വകലാശാലയിൽ ഗസ്റ്റ് ലക്ചറർ

**കൊച്ചി:** ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയുടെ കാലടി മുഖ്യ കാമ്പസിലെ ഡിസാസ്റ്റർ മാനേജ്മെന്റ് വിഭാഗത്തിൽ ഗസ്റ്റ് ലക്ചററുടെ ഒഴിവുണ്ട്. അംഗീകൃത സർവ്വകലാശാലയിൽ നിന്നും സോഷ്യൽ വർക്കിൽ അല്ലെങ്കിൽ ഡിസാസ്റ്റർ മാനേജ്മെന്റിൽ ബിരുദാനന്തര ബിരുദവും യു.ജി.സി നെറ്റും നേടിയവർക്ക് ജനുവരി ആറിന് രാവിലെ 10.30ന് കാലടി മുഖ്യ കേന്ദ്രത്തിലെ സെന്റർ ഫോർ ഡിസാസ്റ്റർ സ്റ്റഡീസിൽ നടത്തുന്ന വാക്ക് ഇൻ ഇന്റർവ്യൂവിൽ പങ്കെടുക്കേണ്ടതാണ്. ഡിസാസ്റ്റർ മാനേജ്മെന്റ് മേഖലയിലുള്ള പ്രവർത്തിപരിചയം അഭിലഷണീയ യോഗ്യതയാണ്. കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 9746396112.

## ഹെറിറ്റേജ് ഡോക്യുമെന്റ് ട്രാൻസ്ലേറ്റർ താത്കാലിക നിയമനം

**കൊച്ചി:** തൃപ്പൂണിത്തുറ സർക്കാർ സംസ്കൃത കോളേജിൽ ഹെറിറ്റേജ് ഡോക്യുമെന്റ് ട്രാൻസ്ലേറ്റർ തസ്തികയിലേക്ക് ദിവസവേതന അടിസ്ഥാനത്തിൽ നിയമനം നടത്തും. സംസ്കൃതം ഐച്ഛിക വിഷയമായോ, ഉപവിഷയമായോ ഉള്ള ബിരുദം, ബി.വിദ്വാൻ, ശാസ്ത്രഭൂഷണം അല്ലെങ്കിൽ തത്തുല്യമായ ഡിപ്ലോമയുള്ളവർക്ക് അപേക്ഷിക്കാം. മലയാളം, ഇംഗ്ലീഷ് എന്നിവക്ക് പുറമെ തമിഴ് അല്ലെങ്കിൽ കന്നഡ ഭാഷകൾ കൈകാര്യം ചെയ്യാനുള്ള കഴിവും പനയോല കൈയെഴുത്തുപ്രതികൾ പകർത്തിയെഴുതാനുള്ള പരിജ്ഞാനവും മികച്ച കൈയ്യക്ഷരവും ഉണ്ടായിരിക്കണം. താൽപ്പര്യമുള്ളവർ അസ്സൽ സർട്ടിഫിക്കറ്റുകളുമായി ജനുവരി 5ന് രാവിലെ 10:30ന് പ്രിൻസിപ്പൽ മുൻപാകെ ഇന്റർവ്യൂവിന് ഹാജരാകേണ്ടതാണ്.

## അർബുദ രോഗ നിർണയം കുറഞ്ഞ നിരക്കിൽ

**കൊച്ചി:** അർബുദ രോഗ നിർണയവും അനുബന്ധ പരിശോധനയായ ഇമ്മ്യൂണോ ഹിസ്റ്റോ കെമിസ്ട്രിയും വളരെ കുറഞ്ഞ നിരക്കിൽ ലഭ്യമാക്കുകയാണ് എറണാകുളം സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രി പാതോളജി വിഭാഗം. വിവിധ അർബുദങ്ങളിൽ ചികിത്സാ മാർഗ്ഗ നിർദ്ദേശങ്ങൾക്കായി ഇമ്മ്യൂണോ ഹിസ്റ്റോ കെമിസ്ട്രി അത്യാവശ്യമാണ്. പ്രതിവർഷം 1300 ഓളം രോഗികൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കുന്നുണ്ട്. ഈ പരിശോധനക്ക് മൂന്ന് ആഴ്ചത്തെ കാലതാമസം ആണ് വരുന്നത്. അതുപോലെ തന്നെ മറ്റു ആശുപത്രികളിലും സ്വകാര്യ ലാബുകളിലും നിന്ന് ലഭിക്കുന്ന അർബുദ പരിശോധന ഫലങ്ങളിൽ വിദഗ്ധ അഭിപ്രായവും ഇവിടെ നിന്ന് ലഭിക്കും. സ്ത്രീ രോഗ വിഭാഗത്തിൽ പെടുന്ന പരിശോധനകളായ പാപ്പ്സ്മിയർ ടെസ്റ്റ്, എഫ്.എൻ.എ.സി, സി.റ്റി ഗയ്ഡഡ് എഫ്.എൻ.എ.സി എന്നിവയും ഈ വിഭാഗത്തിൽ ചെയ്തു വരുന്നു. എല്ലാവർക്കും താരതമ്യേന കുറഞ്ഞ നിരക്കിലും ബി.പി.എൽ, റേഷൻ കാർഡുള്ളവർക്ക് സൗജന്യമായും ഈ പരിശോധനകൾ ലഭ്യമാണെന്ന് മെഡിക്കൽ സൂപ്രണ്ട് ഡോ. ഗണേഷ് മോഹൻ അറിയിച്ചു.

## ലിറ്റിൽകൈറ്റ്സ് ഉപജില്ലാ ക്യാമ്പുകൾക്ക് തുടക്കം

**കൊച്ചി:** കേരള ഇൻഫ്രാസ്ട്രക്ചർ ആൻഡ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ (കൈറ്റ്) പൊതുവിദ്യാലയങ്ങളിലെ ലിറ്റിൽകൈറ്റ്സ് ഐ.ടി. ക്ലബ് അംഗങ്ങൾക്കായി സംഘടിപ്പിക്കുന്ന ഉപജില്ലാതല ദ്വിദിന ക്യാമ്പുകൾക്ക് ജില്ലയിൽ തുടക്കമായി. ആധുനിക കാലത്ത് ശാസ്ത്രീയമായി കാലാവസ്ഥാ നിർണയം സാധ്യമാകുന്നതെങ്ങനെയെന്നും കാലാവസ്ഥാ പ്രവചന കേന്ദ്രങ്ങൾ എങ്ങനെ പ്രവർത്തിക്കുന്നുവെന്നും നേരിട്ട് മനസ്സിലാക്കാൻ കുട്ടികളെ പ്രാപ്തരാക്കുകയാണ് ക്യാമ്പിന്റെ ലക്ഷ്യം. ഇതിനായി കാലാവസ്ഥാ പ്രവചനത്തിന് സഹായിക്കുന്ന പ്രോട്ടോടൈപ്പുകൾ പ്രോഗ്രാമിങ്ങിലൂടെ ഓരോ കുട്ടിയും ക്യാമ്പിൽ തയ്യാറാക്കുന്നുണ്ട്. ജില്ലയിലെ 211 ലിറ്റിൽ കൈറ്റ്സ് യൂണിറ്റുകളിലായി ആകെ 6,624 അംഗങ്ങളാണുള്ളത്. സ്കൂൾതല ക്യാമ്പുകളിൽ നിന്ന് തിരഞ്ഞെടുക്കപ്പെട്ട 1,387 കുട്ടികളാണ് ജില്ലയിലെ 14 ഉപജില്ലകളിലായി നടക്കുന്ന ക്യാമ്പുകളിൽ പങ്കെടുക്കുന്നത്. ലിറ്റിൽകൈറ്റ്സ് യൂണിറ്റുകളുള്ള മുഴുവൻ ഹൈസ്കൂളുകൾക്കും നിലവിലുള്ള റോബോട്ടിക്സ് കിറ്റുകൾക്ക് പുറമെ അഡ്വാൻസ്ഡ് റോബോട്ടിക്സ് കിറ്റുകൾ ജനുവരി മാസത്തിൽ തന്നെ ലഭ്യമാക്കുമെന്ന് കൈറ്റ് സി.ഇ.ഒ. കെ. അൻവർ സാദത്ത് പറഞ്ഞു. കാലാവസ്ഥാ പ്രവചന സംവിധാനങ്ങൾ കൂടാതെ അനിമേഷൻ മേഖലയിലും കുട്ടികൾക്ക് പരിശീലനം നൽകുന്നുണ്ട്. ഓപ്പൺ ട്യൂൺസ്, ബ്ലെൻഡർ തുടങ്ങിയ സ്വതന്ത്ര സോഫ്റ്റ്‌വെയറുകൾ ഉപയോഗിച്ച് ഷോർട്ട് വീഡിയോകൾ തയ്യാറാക്കാനും ക്യാമ്പിൽ അവസരമുണ്ടാകും. വിവിധ കേന്ദ്രങ്ങളിലായി നടക്കുന്ന ക്യാമ്പുകൾ ജനുവരി മൂന്നിന് സമാപിക്കും.

# പുതുവത്സരത്തെ വരവേൽക്കാനൊരുങ്ങി ദുബായ്



**ദുബായ്:** അത്യാകർഷക ഓഫറുകളും ഉത്സവാഘോഷങ്ങളും ആഗോള ഭക്ഷണ വൈവിധ്യങ്ങളുമായി പുതുവത്സരത്തെ വരവേൽക്കാനൊരുങ്ങി ദുബായ്. സൂക്ക് ബസാറുകളും ബാലെകളും മുതൽ വൈവിധ്യമാർന്ന സാംസ്കാരിക പരിപാടികളും ആഡംബര ഷോപ്പിംഗിനുള്ള അവസരവും വരെയാണ് ഈ ശൈത്യകാലത്ത് ദുബായിൽ ലഭ്യമാകുക. മദീനത്ത് ജുമൈറ ഫെസ്റ്റിവൽ മാർക്കറ്റ് ക്രിസ്മസ് പുതുവത്സരത്തെ വരവേൽക്കാനായി 1,750 ചതുരശ്ര മീറ്റർ വിസ്തൃതിയും 36 അടി ഉയരവുമുള്ള ക്രിസ്മസ് ട്രീ, ഹോംഗ്രൗൺ മാർക്കറ്റ് സ്റ്റാളുകൾ, ലൈവ് മ്യൂസിക് തുടങ്ങിയവയാണ് ഒരുക്കിയിട്ടുള്ളത്.

ഡിസംബർ അഞ്ചിന് ആരംഭിച്ച ആഘോഷപരിപാടികൾ 31 വരെ നീണ്ടുനിൽക്കും. ഡിസംബർ 5 മുതൽ ജനുവരി 31 വരെ നീണ്ടുനിൽക്കുന്ന ഹത്ത വിന്റർ ഫെസ്റ്റിവൽ, ഡിസംബർ 6 മുതൽ 31 വരെ വിന്റർ സിറ്റിയായി മാറുന്ന എക്സ്പോ സിറ്റിയിലെ അൽ വാസൽ പ്ലാസ എന്നിവയും വിനോദസഞ്ചാരികൾക്കായി ദുബായ് ഒരുക്കിയിട്ടുണ്ട്. 2025 ഒക്ടോബർ 15ന് ആരംഭിച്ച് 2026 മെയ് 10 വരെ നീണ്ടുനിൽക്കുന്ന 30ാം സീസൺ ദുബായ് ഗ്ലോബൽ വില്ലേജാണ് മറ്റൊരു പ്രധാന ആകർഷണം.

90 സംസ്കാരങ്ങളെ പ്രതിനിധീകരിക്കുന്ന 30 പവലിയനുകളാണ് ഗ്ലോബൽ വില്ലേജിലുള്ളത്. ടർക്കിഷ് സ്റ്റെയിൻഡ്ഗ്ലാസ് ലാന്റേണുകൾ, വർണ്ണാഭമായ ഇന്ത്യൻ എംബ്രോയിഡറി പേഴ്സുകൾ, കരകൗശല സ്റ്റാളുകളിൽ നിന്നുള്ള ആകർഷകമായ യൂറോപ്യൻ ആഭരണങ്ങൾ പോലുള്ളവ വാങ്ങാനുള്ള മികച്ച അവസരമാണ് ഇവിടെയുള്ളത്.

# റോബോട്ടിക് ടെലിസർജറി മാരത്തൺ സംഘടിപ്പിച്ചു



**കൊച്ചി:** രാജ്യത്തെ ആദ്യ തദ്ദേശീയ സർജിക്കൽ റോബോട്ടിക് സിസ്റ്റമായ എസ്എസ്ഐഐ മന്ത്രയുടെ സ്യഷ്ടാക്കളായ എസ്എസ് ഇന്നവേഷൻസ് ഇന്റർനാഷണൽ ഇന്ത്യയിലെ ആദ്യ റോബോട്ടിക് ടെലിസർജറി മാരത്തൺ സംഘടിപ്പിച്ചു. 100 റോബോട്ടിക് ടെലിശസ്ത്രക്രിയകൾ പൂർത്തിയാക്കിതിനെ അനുസ്മരിച്ച് നടന്ന മാരത്തണിന്റെ ഭാഗമായി ഒരു ദിവസം ഇരുപതിലധികം ടെലിഎനേബിൾഡ് റോബോട്ടിക് ശസ്ത്രക്രിയകൾ നടന്നു. ടെലിസർജറി മാരത്തണിൽ വിവിധ വിഭാഗങ്ങളിൽ നിന്നുള്ള പ്രമുഖ ശസ്ത്രക്രിയാ വിദഗ്ധർ പങ്കെടുത്തു.

എസ്എസ് ഇന്നവേഷൻസിന്റെ നേതൃത്വത്തിൽ 100 ടെലിസർജറികൾ പൂർത്തിയാക്കിയതിലൂടെ ഇന്ത്യൻ മെഡ്ടെക് രംഗത്തിന്റെ ആധുനികവൽക്കരണത്തിന് നിർണായകമായ സംഭാവനകളാണ് ലഭിക്കുന്നതെന്ന് എസ്എസ് ഇന്നവേഷൻസ് ഇന്റർനാഷണൽ സ്ഥാപകനും ചെയർമാനും സിഇഒയുമായ ഡോ. സുധീർ ശ്രീവാസ്തവ പറഞ്ഞു.

ഇന്ത്യയിൽ വികസിപ്പിച്ച ലോകോത്തര നിലവാരത്തിലുള്ള സാങ്കേതികവിദ്യ എല്ലാ രോഗികളിലേക്കുമെത്തിക്കുകയാണ് തങ്ങളുടെ ദൗത്യമെന്നും അദ്ദേഹം പറഞ്ഞു.


# വാർഷിക ഹൈലൈറ്റുകൾ പുറത്തിറക്കി എൻ.എസ്.ഇ

**കൊച്ചി:** സ്റ്റോക്ക് എക്സ്ചേഞ്ച് ഓഫ് ഇന്ത്യ (എൻ.എസ്.ഇ.) 2025കലണ്ടർ വർഷത്തെ വാർഷിക ഹൈലൈറ്റുകൾ പുറത്തിറക്കി. നിഫ്റ്റി 50 സൂചിക 23,645ൽ (ഡിസംബർ 31, 2024) നിന്ന് 2025 കലണ്ടർ വർഷത്തിൽ 9.8% നേട്ടം രേഖപ്പെടുത്തി 25,966 ആയി ഉയർന്നു. എൻ.എസ്.ഇയിൽ ലിസ്റ്റ് ചെയ്ത കമ്പനികളുടെ വിപണി മൂലധനം 439 ലക്ഷം കോടിയിൽ നിന്ന് 469 ലക്ഷം കോടിയായി വർദ്ധിച്ചു, ഇത് 6.8% വളർച്ചയെ പ്രതിഫലിപ്പിക്കുന്നു. വിപണി മൂലധനജി.ഡി.പി. അനുപാതം 136% ആയി, വർഷാവർഷമുള്ള സ്ഥിരത നിലനിർത്തി.

ഇക്വിറ്റി, ഡെറ്റ്, ബിസിനസ് ട്രസ്റ്റുകൾ എന്നിവവഴിയുള്ള മൊത്തം ഫണ്ട് സമാഹരണം 9.17 ലക്ഷം കോടിയായി, ഇത് മുൻവർഷത്തെക്കാൾ 7% കൂടുതലാണ്. മൊത്തം ഇക്വിറ്റി സമാഹരണം 4.12 ലക്ഷം കോടിയായപ്പോൾ ഡെറ്റ് സമാഹരണം 14.72 ലക്ഷം കോടിയായി, 10% വളർച്ച. ഈ വർഷം 101 മെയിൻബോർഡ് ഐ.പി.ഒ.കൾ 1.71 ലക്ഷം കോടി സമാഹരിച്ചപ്പോൾ 112 എസ്.എം.ഇ. ഐ.പി.ഒ.കൾ 5,589 കോടി സമാഹരിച്ചു. 2025ൽ മെയിൻബോർഡ് ഐ.പി.ഒ. പ്രവർത്തനത്തിൽ മഹാരാഷ്ട്ര, ഡൽഹിഎൻ.സി.ആർ, കർണാടക എന്നിവ മുൻനിര സംസ്ഥാനങ്ങളായി ഉയർന്നു. ആഗോള കരാറുകളുടെ വ്യാപാരത്തിന്റെ 53.2% വഹിക്കുന്ന ഇക്വിറ്റി ഡെറിവേറ്റീവ് ട്രേഡിംഗിൽ എൻ.എസ്.ഇ. ആഗോളതലത്തിൽ ഒന്നാം സ്ഥാനത്തെത്തി. 16.2% ആഗോള വിഹിതവുമായി എൻ.എസ്.ഇ. ആഗോളതലത്തിൽ പുതിയ ലിസ്റ്റിംഗുകളിൽ രണ്ടാം സ്ഥാനത്താണ്.

ഒ.ടി.സി., ആർ.എഫ്.ക്യു. വിഭാഗങ്ങളിലെ കോർപ്പറേറ്റ് ബോണ്ട് വ്യാപാരം, ആർ.എഫ്.ക്യു. വിറ്റുവരവ് വാർഷികാടിസ്ഥാനത്തിൽ 52.6% വർദ്ധിച്ച് ഗണ്യമായ വളർച്ച രേഖപ്പെടുത്തി. 2025 കലണ്ടർ വർഷത്തിൽ 1.5 കോടി പുതിയ നിക്ഷേപകരെ ചേർത്തുകൊണ്ട് നിക്ഷേപകർ 12.4 കോടിയിലെത്തി. ഉത്തർപ്രദേശ്, മഹാരാഷ്ട്ര, ഗുജറാത്ത്, തമിഴ്നാട് എന്നിവിടങ്ങളിൽ നിന്നുള്ള ശക്തമായ പങ്കാളിത്തത്തിന്റെ ഫലമായി നിക്ഷേപകരുടെ അടിത്തറ വാർഷികാടിസ്ഥാനത്തിൽ 13.9% വർദ്ധിച്ചു.

## ഭുവനേശ് താരാശങ്കർ മണപ്പുറം ചീഫ് ഫിനാൻഷ്യൽ ഓഫീസർ



**തൃശൂർ:** വലപ്പാട് മണപ്പുറം ഗ്രൂപ്പ് ചീഫ് ഫിനാൻഷ്യൽ ഓഫീസറായി (ഗ്രൂപ്പ് സിഎഫ്ഒ ഭുവനേശ് താരാശങ്കറിനെ നിയമിച്ചു. ഗ്രൂപ്പിനു കീഴിലുള്ള എല്ലാ കമ്പനികളുടേയും സാമ്പത്തിക പ്രവർത്തനങ്ങളുടെ നേതൃത്വം ഇനി മുതൽ ഇദ്ദേഹത്തിനായിരിക്കും. മൂലധന കാര്യക്ഷമത, ദീർഘ കാലാടിസ്ഥാനത്തിൽ ഗുണ നിലവാരം മെച്ചപ്പെടുത്തുക തുടങ്ങിയ ലക്ഷ്യങ്ങളോടെ ഡയറക്ടർ ബോർഡും ഉന്നത നേതൃത്വവുമായിച്ചേർന്നാവും പ്രവർത്തനം. ഇന്ത്യയിലും വിദേശ നാടുകളിലും പ്രമുഖ ബാങ്കിംഗ്, ഫിനാൻഷ്യൽ കമ്പനികളിൽ മൂന്നു പതിറ്റാണ്ടിലേറെ സേവന പരിചയമുള്ള ചാർട്ടേഡ് അക്കൗണ്ടന്റാണ് ഭുവനേശ് താരാശങ്കർ. സാമ്പത്തിക വളർച്ചാ തന്ത്രങ്ങൾക്കു രൂപം നൽകുന്നതിലും ബാലൻഷീറ്റ് കൈകാര്യം, നിക്ഷേപകരുമായുള്ള വിനിമയം എന്നീ മേഖലകളിലും അറിയപ്പെടുന്ന വിദഗ്ധനാണ്. മണപ്പുറം ഗ്രൂപ്പിലേക്കു വരുന്നതിനു മുമ്പ് ആർബിഎൽ ബാങ്കിൽ ചീഫ് ഫിനാൻഷ്യൽ ഓഫീസറായിരുന്നു. ജന സ്മോൾ ഫിനാൻസ് ബാങ്കിൽ ചീഫ് ഫിനാൻഷ്യൽ ഓഫീസർ, സിറ്റി ബാങ്കിൽ ഇന്ത്യയിലും മിഡിലീസ്റ്റിലും ക്ലസ്റ്റർ കൺട്രോളർ, സിഎഫ്ഒ പദവികളും വഹിച്ചിട്ടുണ്ട്. ഭുവനേശ് താരാശങ്കർ ഗ്രൂപ്പ് ചീഫ് ഫിനാൻഷ്യൽ ഓഫീസർ പദവിയിലെത്തുന്നതോടെ കമ്പനിയുടെ ഭാവി പ്രവർത്തനങ്ങൾ കൂടുതൽ ശക്തമാകുമെന്ന് മണപ്പുറം ഫിനാൻസ് ലിമിറ്റഡ് ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ വി പി നന്ദകുമാർ പറഞ്ഞു.

## വിദ്യാർഥികൾക്ക് ആദരവുമായി സൈലം അവാർഡ്സ്

**കോഴിക്കോട്:** പ്രമുഖ എഡ്ടെക് കമ്പനിയായ സൈലം ലേണിങ് ഉന്നത വിജയം നേടുന്നവർക്കു നൽകുന്ന സൈലം അവാർഡ്സിന്റെ നാലാം എഡിഷനിൽ ആദരം ഏറ്റുവാങ്ങി 2500ലധികം ഭാവി ഡോക്ടർമാരും എൻജിനീയർമാരും. 10,000ത്തിലധികം വിദ്യാർഥികളുടെ പങ്കാളിത്തത്തോടെ കോഴിക്കോട് നഗരിയിലെ കാലിക്കറ്റ് ട്രേഡ് സെന്ററിൽ നടന്ന പരിപാടിയിൽ എയിംസ്, ജിപ്മർ, ഐഐടി, എൻഐടി ഉൾപ്പെടെ കേരളത്തിലും പുറത്തുമുള്ള പ്രധാന മെഡിക്കൽ, എൻജിനീയറിങ് കോളജുകൾ എന്നിവിടങ്ങളിൽ ഉൾപ്പെടെ പഠിക്കുന്ന അനവധി പേർ ഭാഗമായി. സൈലം സി.ഇ.ഒ ഡോ.എസ്. അനന്തു, സൈലം ഡയറക്ടർമാരായ ലിജീഷ്കുമാർ, വിനേഷ്കുമാർ എന്നിവർ ചടങ്ങിൽ സംസാരിച്ചു. ചലച്ചിത്ര താരങ്ങളായ ആസിഫ് അലി, ബേസിൽ ജോസഫ്, അനാർക്കലി മരക്കാർ തുടങ്ങിയവരും പങ്കെടുത്തു.

## സ്പെഷ്യൽ ഗിഫ്റ്റ് കളക്ഷൻ പുറത്തിറക്കി നൈക

**കൊച്ചി:** ക്രിസ്മസ് പുതുവത്സര വേളയിൽ സ്പെഷ്യൽ ഗിഫ്റ്റ് കളക്ഷൻ പുറത്തിറക്കി നൈക. ഓരോ വ്യക്തിത്വത്തിനും അനുയോജ്യമായ ക്യൂറേറ്റഡ് ഗിഫ്റ്റ് സെറ്റുകളാണ് നൈക അവതരിപ്പിച്ചിരിക്കുന്നത്. സർപ്രൈസ് ലവർ, സെൽഫ്കെയർ സീക്കർ, ക്ലീൻ ബ്യൂട്ടി ബലിവേർ,മേക്കപ്പ് മാക്സിമലിസ്റ്റ്, ഗ്ലോ ചേസർ, ഹെൽത്തി ഹെയർ സോൾ എന്നിവയാണ് ക്രിസിമസ് പുതുവത്സര സീസണിൽ സൗന്ദര്യ ആരാധകർക്കായി നൈക അവതരിപ്പിച്ചിരിക്കുന്നത്.

## യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ ഭവന, വാഹന, വ്യക്തിഗത വായ്പകളുടെ പലിശ നിരക്കുകൾ കുറച്ചു

**മുംബൈ:** യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ ഭവന, വാഹന, വ്യക്തിഗത വായ്പകളുടെ പലിശ നിരക്കുകൾ കുറച്ചു. 2025 ഡിസംബർ 18 മുതൽ പ്രാബല്യത്തിൽ വരുന്ന പുതുക്കിയ നിരക്കുകൾ പ്രകാരം ഭവന വായ്പയുടെ പലിശ 7.45 ശതമാനത്തിൽ നിന്ന് 7.15 ശതമാനമായും, വാഹന വായ്പയുടേത് 7.90 ശതമാനത്തിൽ നിന്ന് 7.50 ശതമാനമായും കുറയും. വ്യക്തിഗത വായ്പയുടെ പലിശ നിരക്കിൽ 1.60 ശതമാനത്തിന്റെ വലിയ കുറവു വരുത്തിയതോടെ ഇത് 8.75 ശതമാനത്തിൽ ലഭ്യമാകും.

കൂടാതെ പരിസ്ഥിതി സൗഹൃദ പദ്ധതികൾ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ഗ്രീൻ ഫിനാൻസ് വിഭാഗത്തിലെ ഭവന, വാഹന വായ്പകൾക്ക് 0.10 ശതമാനം അധിക ഇളവും ബാങ്ക് വാഗ്ദാനം ചെയ്യുന്നുണ്ട്. റിസർവ് ബാങ്ക് റിപ്പോ നിരക്ക് കുറച്ചതിനെ തുടർന്ന്, വായ്പയെടുക്കുന്നവർക്ക് കൂടുതൽ ആനുകൂല്യം ലഭ്യമാക്കുന്നതിനായാണ് ബാങ്ക് ഈ മാറ്റങ്ങൾ നടപ്പിലാക്കിയത്.



# സർക്കാർ സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകി മുത്തൂറ്റ് ഫിനാൻസ്

**കൊച്ചി:** മുത്തൂറ്റ് ഫിനാൻസ് പഠനത്തിൽ മികച്ച നിലവാരം കാഴ്ചവെക്കുന്ന കുട്ടികൾക്കായി 2025–2026 വർഷത്തെ മുത്തൂറ്റ് എം ജോർജ് എക്സലൻസ് അവാർഡുകൾ വിതരണം ചെയ്തു. രാജ്യത്തുടനീളം എട്ട്, ഒൻപത് ക്ലാസുകളിൽ പഠിക്കുന്നതും പഠനത്തിൽ മികവ് പുലർത്തുന്നതുമായ 1420 വിദ്യാർത്ഥികൾക്കാണ് സ്കോളർഷിപ്പുകൾ നൽകിയത്. ഓരോ വിദ്യർത്ഥിക്കും 3000 രൂപ ക്യാഷ് പ്രൈസും മെമന്റോയുമാണ് നൽകിയത്.

പാലാരിവട്ടത്തെ മുത്തൂറ്റ് ഫിനാൻസിന്റെ ഹെഡ് ഓഫീസിൽ നടന്ന ചടങ്ങ് കുസാറ്റ് മുൻ പ്രോ വൈസ് ചാൻസിലർ ഡോ. കെ. പൗലോസ് ജേക്കബ് ഉദ്ഘാടനം ചെയ്തു. മുത്തൂറ്റ് ഫിനാൻസ് മാനേജിംഗ് ഡയറക്ടർ ജോർജ് അലക്സാണ്ടർ മുത്തൂറ്റ് അധ്യക്ഷത വഹിച്ചു. മുത്തൂറ്റ് ഫിനാൻസ് ഡെപ്യൂട്ടി മാനേജിംഗ് ഡയറക്ടർ ജോർജ് എം. ജോർജ് അവാർഡുകൾ വിതരണം ചെയ്തു. എംജി യൂണിവേഴ്സിറ്റി എം.എ. ഹിസ്റ്ററി പരീക്ഷയിൽ രണ്ടാം റാങ്ക് കരസ്ഥമാക്കിയ അന്നാ ഡോമിക്കിനെ മുത്തൂറ്റ് ഫിനാൻസ് മാനേജിംഗ് ഡയറക്ടർ ജോർജ് അലക്സാണ്ടർ മുത്തൂറ്റ് പ്രത്യേകം ക്യാഷ് അവാർഡ് നൽകി അഭിനന്ദിച്ചു. എസ്എസ്എൽസി, പ്ലസ്ടു പരീക്ഷയിൽ ഫുൾ എ പ്ലസും എംജി യൂണിവേഴ്സിറ്റി ബി.എ. ഹിസ്റ്ററി പരീക്ഷയിൽ ഒന്നാം റാങ്കും കരസ്ഥമാക്കിയ അന്ന നേരത്തെയും മുത്തൂറ്റ് ഫിനാൻസിന്റെ സ്കോളർഷിപ്പ് നേടിയിരുന്നു. ചടങ്ങിൽ രാജഗിരി ബിസിനസ് സ്കൂളിലെ അസോസിയേറ്റ് ഡീൻ ഡോ. ആൻജെല സൂസൻ മാത്യൂ മുഖ്യാതിഥിയായി.

മുത്തൂറ്റ് ഫിനാൻസ് സിഎസ്ആർപിആർ മേധാവി രോഹിത് രാജ്, എക്സിക്യൂട്ടീവ് ഡയറക്ടറും സിഒയുമായ കെ.ആർ. ബിജിമോൻ, പാടിവട്ടം കൗൺസിലർ ഷിബി സോമൻ തുടങ്ങിയവർ പങ്കെടുത്തു.കേരളത്തിനു പുറമെ ചെന്നൈ, മധുരൈ, മംഗലാപുരം, ബെംഗളൂരു, ഹൈദരാബാദ്, മുംബൈ, ഗോവ, കൽക്കത്ത, ഡൽഹി എന്നീ നഗരങ്ങളിൽ ഇതിനകം പദ്ധതി നടപ്പാക്കി. എറണാകുളം, ആലുവ വിദ്യാഭ്യാസ ജില്ലകളിലെ സർക്കാർ സ്കൂളുകളിൽ നിന്നുള്ള വിദ്യാർത്ഥികളെയാണ് കേരളത്തിൽ നിന്നും തിരഞ്ഞെടുത്തത്. കഴിഞ്ഞ 16 വർഷങ്ങളിലായി 3.31 കോടി രൂപ ചെലവഴിച്ച് 11,919 വിദ്യാർത്ഥികൾക്കാണ് ഇതിനകം മുത്തൂറ്റ് എം. ജോർജ് എക്സലൻസ് അവാർഡുകൾ വഴി പഠനത്തിന് പിന്തുണ നൽകിയത്. സിഎസ്ആർ പദ്ധതിയിൽ തങ്ങൾ ഏറ്റവും കൂടുതൽ ശ്രദ്ധ നൽകുന്നത് വിദ്യാഭ്യാസ ശാക്തീകരണത്തിനാണെന്ന് മുത്തൂറ്റ് ഫിനാൻസ് മാനേജിംഗ് ഡയറക്ടർ ജോർജ് അലക്സാണ്ടർ മുത്തൂറ്റ് പറഞ്ഞു. മുത്തൂറ്റ് എം ജോർജ് എക്സലൻസ് അവാർഡിലൂടെ പ്രതിഭകളെ ചെറുപ്പത്തിലേ അംഗീകരിക്കുന്നതിനൊപ്പം അവരുടെ ആഗ്രഹങ്ങളെ പിന്തുടരാനുള്ള പ്രോത്സാഹനം കൂടിയാണ് നൽകുന്നത് അദ്ദേഹം കൂട്ടിച്ചേർത്തു.

## മുത്തൂറ്റ് മൈക്രോഫിൻ; വ്യക്തിഗത വായ്പാ ആസ്തി ആയിരം കോടി രൂപ കടന്നു

**കൊച്ചി:** ഇന്ത്യയിലെ മുൻനിര എൻബിഎഫ്സി മൈക്രോ ഫിനാൻസ് സ്ഥാപനങ്ങളിൽ ഒന്നായ മുത്തൂറ്റ് മൈക്രോഫിൻ കൈകാര്യം ചെയ്യുന്ന വ്യക്തിഗത വായ്പാ ആസ്തികൾ ആയിരം കോടി രൂപ കടന്നു. കമ്പനി കൈകാര്യം ചെയ്യുന്ന ആകെ ആസ്തികൾ 13,000 കോടി രൂപയും കടന്നിട്ടുണ്ട്.

വൈവിധ്യമാർന്ന വായ്പാ പദ്ധതികൾ ശക്തിപ്പെടുത്തുന്നതിൽ മുത്തൂറ്റ് മൈക്രോഫിൻ കൈവരിക്കുന്ന സുസ്ഥിര വളർച്ചയാണ് ഈ നാഴികക്കല്ലിലൂടെ പ്രതിഫലിക്കുന്നത്. 2025 സെപ്റ്റംബർ 30 ലെ കണക്കുകൾ പ്രകാരം 3.36 ദശലക്ഷം സജീവ ഉപഭോക്താക്കൾക്കാണ് 21 സംസ്ഥാനങ്ങളിലും കേന്ദ്രഭരണ പ്രദേശങ്ങളിലുമായുള്ള 392 ജില്ലകളിലെ തങ്ങളുടെ 1,718 ശാഖകളിലൂടെ കമ്പനി സേവനം നൽകുന്നതെന്ന് മുത്തൂറ്റ് മൈക്രോഫിൻ ചെയർമാനും നോൺ എക്സിക്യൂട്ടീവ് ഡയറക്ടറുമായ തോമസ് മുത്തൂറ്റ് പറഞ്ഞു. ഗ്രാമീണ മേഖലകളിലും ചെറുപട്ടണങ്ങളിലും പ്രത്യേക ശ്രദ്ധ ചെലുത്തിക്കൊണ്ടാണിത്.

## ഫെഡറൽ ബാങ്ക് സാഹിത്യ പുരസ്കാരം 2025; ചുരുക്കപ്പട്ടിക പ്രസിദ്ധീകരിച്ചു

**കൊച്ചി:** നാലാമത് ഫെഡറൽ ബാങ്ക് സാഹിത്യ പുരസ്കാരത്തിനായുള്ള ചുരുക്കപ്പട്ടിക പ്രസിദ്ധീകരിച്ചു. അഞ്ചു പുസ്തകങ്ങളാണ് ചുരുക്കപ്പട്ടികയിൽ ഇടംനേടിയത്. മത്തിയാസ് – എം ആർ വിഷ്ണുപ്രസാദ്, എം. ടി വാസുദേവൻ നായർ– ഡോ. കെ ശ്രീകുമാർ, മൾബെറി– ബെന്യാമിൻ, പട്ടുനൂൽപ്പുഴു– എസ്. ഹരീഷ് തർക്കിത ഭൂതകാലം– വിനിൽ പോൾ എന്നീ പുസ്തകങ്ങളാണ് പട്ടികയിൽ ഇടം നേടിയത്.

ഓരോ വർഷവും മലയാളത്തിൽ പ്രസിദ്ധീകരിക്കപ്പെടുന്ന ഏറ്റവും മികച്ച പുസ്തകത്തിനുള്ള അവാർഡാണ് ഫെഡറൽ ബാങ്ക് സാഹിത്യ പുരസ്കാരം. കോഴിക്കോട് ബീച്ചിൽ നടക്കുന്ന കേരള ലിറ്ററേച്ചർ ഫെസ്റ്റിവൽ 2025 ന്റെ വേദിയിൽ വെച്ച് ജനുവരി 23 ന് വൈകുന്നേരം അവാർഡ് പ്രഖ്യാപിക്കുകയും വിതരണം ചെയ്യുകയും ചെയ്യും. ഒരു ലക്ഷം രൂപയും ഫലകവുമാണ് പുരസ്കാരം.



# ടിവിഎസ് റേസിങ് : സെലക്ഷൻ ട്രയലുകൾ നടക്കും

**കൊച്ചി:** ടിവിഎസ് മോട്ടോർ കമ്പനി (ടിവിഎസ്എം), പെട്രോണസ് ടിവിഎസ് ഇന്ത്യ വൺ മേക്ക് ചാമ്പ്യൻഷിപ്പ് 2026ന്റെ ട്രെയിനിങ് സെലക്ഷൻ പ്രഖ്യാപിച്ചു. 2026 ജനുവരി 17 മുതൽ ഫെബ്രുവരി 7 വരെ രാജ്യവ്യാപകമായി സെലക്ഷൻ ട്രയലുകൾ നടക്കും. ബെംഗളൂരു, പൂനെ, ഡൽഹി, കൊൽക്കത്ത എന്നിവിടങ്ങളാണ് സെലക്ഷൻ വേദികൾ. ചെന്നൈയിലെ മദ്രാസ് ഇൻറർനാഷണൽ സർക്യൂട്ടിൽ വച്ചായിരിക്കും അന്തിമ തിരഞ്ഞെടുപ്പ്. റേസിങ് രംഗത്ത് ടിവിഎസ് അപ്പാച്ചെ 20 വർഷം പൂർത്തിയാക്കുന്ന വേളയിലാണ് 2026 സീസൺ അരങ്ങേറുന്നത്.

ടിവിഎസ് റേസിങ്ങിനെ സംബന്ധിച്ചിടത്തോളം വൺ മേക്ക് ചാമ്പ്യൻഷിപ്പ് എന്നത് വെറുമൊരു റേസ് സംഘടിപ്പിക്കൽ മാത്രമല്ലെന്നും അത് റേസർമാരെ വാർത്തെടുക്കൽ കൂടിയാണെന്നും ടിവിഎസ് മോട്ടോർ കമ്പനി പ്രീമിയം ബിസിനസ് ഹെഡ് വിമൽ സംബ്ലി പറഞ്ഞു. കൃത്യമായ പരിശീലനം, പ്രൊഫഷണൽ റേസിങ് സ്റ്റാൻഡേർഡ്, ശക്തമായ സുരക്ഷാ സംസ്കാരം എന്നിവയിലൂടെ പ്രതിഭകളെ കണ്ടെത്താനും അവരെ മത്സര സജ്ജരാക്കാനും ഈ പ്ലാറ്റ്ഫോം സഹായിച്ചിട്ടുണ്ട്. ടിവിഎസ് അപ്പാച്ചെ 20 വർഷം പിന്നിടുമ്പോൾ, ട്രാക്ക് റേസിങ്ങിനെ സാധാരണക്കാർക്ക് പ്രാപ്യവും അഭിലാഷ്യവുമാക്കിക്കൊണ്ട് ഞങ്ങളുടെ റേസിങ് ഡിഎൻഎ ഈ ചാമ്പ്യൻഷിപ്പിലൂടെയും തുടരുകയാണ്.

ഇങ്ങനെയാണ് അടുത്ത തലമുറ റേസർമാർക്കായി ഇന്ത്യയിലെ മോട്ടോർ സ്പോർട്സ് ആവാസവ്യവസ്ഥയെ ഞങ്ങൾ ശക്തിപ്പെടുത്തുന്നതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.റേസർമാരെ ശരിയായ രീതിയിൽ വാർത്തെടുക്കുന്നതിലാണ് കഴിഞ്ഞ 43 വർഷമായി ടിവിഎസ് റേസിങ് നിരന്തരം ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. 1994ൽ ടിവിഎസ് ഇന്ത്യ വൺ മേക്ക് ചാമ്പ്യൻഷിപ്പ് ആരംഭിച്ചത് മുതൽ വിവിധ വിഭാഗങ്ങളിലായി, ഇന്ത്യയുടെ ആധുനിക മോട്ടോർ സ്പോർട്സ് ആവാസവ്യവസ്ഥയുടെ നട്ടെല്ലായി നിലകൊള്ളുന്ന 3,000ത്തിലധികം റൈഡർമാർക്കാണ് ടിവിഎസ് റേസിങ് പരിശീലനവും റേസിങ് തയ്യാറെടുപ്പുകളും നൽകിയത്.

